**Malayalam Manorama**

**Mantri Developers Launches India's Largest Mall**

**Date: 16-03-2010 | Edition: Chennai | Page: 11 | Source: Bureau | Clip size (cm): W: 21 H: 9**

**Clip: 1 of 1**




മനോരമ

*ബാംഗ്ലൂർ മല്ലേശ്വരം സംപിഗെ റോഡിൽ ഇന്നു കർണാടക മുഖ്യമന്ത്രി ബി.എസ് യെഡിയൂരപ്പ ഉദ്ഘാടനം ചെയ്യുന്ന രാജ്യത്തെ ഏറ്റവും വലിയ ഷോപ്പിങ് മാളായ മന്ത്രി സ്ക്വയർ.*

# രാജ്യത്തെ ഏറ്റവും വലിയ മാൾ ബാംഗ്ലൂരിൽ ഇന്നു തുറക്കും

ബാംഗ്ലൂർ: രാജ്യത്തെ ഏറ്റവും വലിയ ഷോപ്പിങ് മാൾ–മന്ത്രി സ്ക്വയർ– മല്ലേശ്വരം സംപിഗെ റോഡിൽ ഇന്നു രാവിലെ ഒൻപതിനു മുഖ്യമന്ത്രി ബി.എസ്.യെഡിയൂരപ്പ ഉദ്ഘാടനം ചെയ്യും. 1.7 ദശലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള മാൾ 500 കോടി രൂപ മുതൽമുടക്കിലാണു നിർമിച്ചതെന്നു മന്ത്രി ഡവലപേഴ്സ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ സുശീൽ മന്ത്രി അറിയിച്ചു. മല്ലേശ്വരത്തു സ്ഥാപിക്കുന്ന മെട്രോ റയിൽ സ്റ്റേഷനിലേക്കു മാളിന്റെ രണ്ടാം നിലയിൽ നിന്നു നേരിട്ടു പ്രവേശിക്കാൻ സൗകര്യമൊരുക്കും. 39 ഫുഡ് /ബവ്റിജ് ഷോപ്പുകൾ ഉൾപ്പെടെ 252 ഔട്ട്ലെറ്റുകളിലായി പതിനായിരത്തിലേറെ ബ്രാൻഡ് ഉൽപന്നങ്ങൾ വിൽപനയ്ക്കുണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ലൈഫ്സ്റ്റൈൽ, ഷോപ്പേഴ്സ് സ്റ്റോപ്പ്, റിലയൻസ് തുടങ്ങിയ പ്രമുഖ കമ്പനികളുടെ ഔട്ട്ലെറ്റുകളും സ്പാർ ഹൈപ്പർമാർക്കറ്റും മന്ത്രി സ്ക്വയറിൽ ഒരുക്കിയിട്ടുണ്ട്.

ആറു തിയറ്ററുകളോടുകൂടിയ ഇനോക്സ് മൾട്ടിപ്ലക്സ്, 1800 കാറുകൾക്കും 550 ഇരുചക്രവാഹനങ്ങൾക്കുമുള്ള പാർക്കിങ് സൗകര്യം, 40 അടി വീതിയുള്ള കോറിഡോറുകൾ, 4600 ജീവനക്കാർ, ടച്ച് സ്ക്രീൻ മാൾ ഡയറക്ടറി തുടങ്ങിയവ മന്ത്രി സ്ക്വയറിന്റെ സവിശേഷതകളാണ്. 700 കോടി രൂപ മാളിൽ നിന്നു പ്രതിവർഷ വരുമാനം പ്രതീക്ഷിക്കുന്നതായും സുശീൽ പറഞ്ഞു.